"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - കവടിയാർ - റോഡ് വികസനം - എൽ.എ.ആർ.65/2008-ന്മേലുള്ള ബാലൻസ് തുക കക്ഷിയ്ക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1150/2025/LSGD തീയതി,തിരുവനന്തപുരം, 09-05-2025

പരാമർശം:-
1. സ.ഉ.(അച്ചടി)നം.32/2019/ധന തീയതി 18.03.2019
2. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 20.03.2025-ലെ എ3/504/2008/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡ് വികസനത്തിനായി കവടിയാർ വില്ലേജിൽ ഡോ.ലിൻ ചെറിയാൻ, ഡോ ജെനി ലിൻ എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്ന വസ്തു പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 65/2008 നമ്പർ കേസിന്റെ വിധിക്കടത്തുകയിൽ ബാലൻസുള്ള 1034.6/- രൂപ അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എൽ.എ.ആർ. 65/2008 നമ്പർ കേസിൽ നാളതീകരിച്ച കണക്കു വിവരപ്പട്ടിക പ്രകാരമുള്ള ബാലൻസ് തുകയായ 1034.6/- രൂപ (ആയിരത്തി മുപ്പത്തിനാല് രൂപ അറുപത് പൈസ മാത്രം) "4217-60-800-93-Payment of Compensation in LAR Cases" എന്ന ശീർഷകത്തിൽ നിന്നും കക്ഷികൾക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA4/145/2022-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Ratheesh M
സെക്ഷൻ ഓഫീസർ
Date: 09-05-2025 17:05:14